**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം: T 4525** — **29.06.2012ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസത്തിന് ബാങ്ക് വായ്പ നൽകുന്ന പദ്ധതിയുടെ വിശദാംശം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.ഇ. ചന്ദ്രശേഖരൻ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന് ബാങ്ക് വായ്പ നൽകുന്ന പദ്ധതി ആരംഭിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ; | എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന് ബാങ്ക് വായ്പ നൽകുന്ന പദ്ധതി ആരംഭിച്ചത് 2001 ലാണ്. എന്നാൽ വ്യാപകമായ രീതിയിൽ വിദ്യാഭ്യാസ വായ്പകൾ കൊടുത്തു തുടങ്ങുന്നത് 2004 മുതൽക്കാണ്. |
| ബി) ബാങ്ക് വായ്പയുടെ പലിശ വിദ്യാർത്ഥികൾക്ക് താങ്ങാൻ കഴിയുന്നതിലധികമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) പ്രസ്തുത വായ്പയെടുത്ത് പഠിച്ചവർക്ക് മെച്ചപ്പെട്ട ജോലി ലഭിക്കാത്തതിനാൽ വായ്പ തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത വിവരം അറിയാമോ; | സി) അറിയാം. |

ഡി) എങ്കിൽ പ്രസ്തുത ആളുകളെ സഹായിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഡി) വിദ്യാഭ്യാസ വായ്പ അടയ്ക്കുവാൻ ബുദ്ധിമുട്ടുന്ന കേസുകളിൽ അതാത് ബാങ്കിന്റെ നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്ന് പിഴപലിശ ഒഴിവാക്കുക, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ തീർപ്പാക്കുക എന്നീ ഇളവുകൾ അർഹത അനുസരിച്ച് ബാങ്കുകൾ ചെയ്തു കൊടുക്കാറുണ്ട്.

വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാതെ ബുദ്ധിമുട്ടുന്നവരെ സഹായിക്കുന്നതിന്റെ ഭാഗമായി 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി കിട്ടാത്തതുമുലം അവശത അനുഭവിക്കുന്നവരുമായ ബി.പി.എൽ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലത്തെ പലിശ ബാദ്ധ്യത ഏറ്റെടുക്കുന്നതിനുള്ള സ്കീം സർക്കാർ തയ്യാറാക്കി വരികയാണ്. ഇത് കൂടാതെ 2004 മുതൽ 2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുത്ത് ജോലി ലഭിക്കാത്ത ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പയിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ 6 മാസത്തേയ്ക്ക് നിർത്തിവയ്ക്കാനും ഉത്തരവായിട്ടുണ്ട്. ബി.പി.എൽ.വിഭാഗത്തിൽ ഉൾപ്പെടാത്തവരുടെ വായ്പയുടെ റവന്യൂ റിക്കവറി നടപടികൾക്ക് മോറട്ടോറിയം നൽകുന്ന കാര്യം പരിശോധനയിലാണ്.

(signature)

**സെക്ഷൻ ഓഫീസർ.**